# Major Archeparchy of Ernakulam-Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org


**സർക്കുലർ: 12/2020** **24 ജൂലൈ 2020**

## ശതോത്തര രജത ജൂബിലി

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ,

എറണാകുളം വികാരിയാത്ത് സ്ഥാപിതമായതിന്റെ 125-ാം വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. ലെയൊ പതിമൂന്നാമൻ മാർപ്പാപ്പയുടെ തിരുവെഴുത്ത് വഴി 1896 ജൂലായ് 28-ാം തീയതിയാണ് എറണാകുളം വികാരിയാത്ത് സ്ഥാപിതമായത്. കൊറോണ വൈറസിന്റെ വ്യാപനം അതിരൂക്ഷമായ ഈ കാലഘട്ടത്തിൽ ആഘോഷങ്ങൾക്ക് പ്രസക്തിയില്ലെങ്കിലും ചരിത്രത്തിന്റെ നാൾവഴികളെ ഓർമ്മിക്കാതിരിക്കാൻ നമുക്കാവില്ല.

ശതോത്തര രജത ജൂബിലി വർഷത്തിന്റെ ആരംഭദിനമായ 2020 ജൂലായ് 28-ാം തീയതി ചൊവ്വാഴ്ച അതിരൂപതയിലെ സാധിക്കുന്ന എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കൃതജ്ഞതാബലിയർപ്പിക്കേണ്ടതാണ്. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിനം കൂടിയാണന്ന്. കോവിഡ് കാലമായതിനാൽ വലിയ ആഘോഷങ്ങളൊന്നുമില്ലാതെ ആന്തരികമായ നന്ദിപറയലിന്റെ നാളുകളാക്കി ഈ ജൂബിലി വർഷത്തെ നമുക്ക് മാറ്റാം. ദൈവം നമ്മുടെ അതിരൂപതയ്ക്ക് ഇതുവരെ ചെയ്തുതന്ന എല്ലാ നന്മകൾക്കും ഈ ജൂബിലി അവസരത്തിൽ കൃതജ്ഞത അർപ്പിക്കാം. കടന്നുപോയ ഒന്നേകാൽ നൂറ്റാണ്ടുകാലം നമ്മുടെ അതിരൂപതയെ വളർത്താനും നയിക്കാനും കഠിനാദ്ധ്വാനം ചെയ്ത അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും സന്ന്യാസിനിസന്ന്യാസികളെയും അത്മായ സഹോദരിസഹോദരന്മാരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

ഈ ജൂബിലി വർഷത്തിലെ എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും തിരുമണിക്കൂർ ആരാധന നടത്തി അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതും തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയെ സമർപ്പിച്ചുകൊണ്ട് തിരുഹൃദയ ജപമാല ചൊല്ലുന്നതും ഉചിതമാണ്. കോവിഡ്കാല പ്രതിസന്ധിക്ക് ശമനം വരുമ്പോൾ വിവിധ സമിതികളിൽ ആലോചിച്ച് ജൂബിലിവർഷ കർമപദ്ധതികൾ നമുക്ക് രൂപപ്പെടുത്താം.

ഓരോ ജൂബിലിയും ഇന്നലെകളെ കൃതജ്ഞതയോടെ അനുസ്മരിക്കാനും ഇന്ന് തീക്ഷണതയോടെ ജീവിക്കാനും നാളെയെക്കുറിച്ച് പ്രതീക്ഷയുള്ളവരാകാനുമുള്ള അവസരമാണെന്നാണ് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നത്. "കഴിഞ്ഞുപോയ കാലങ്ങളിൽ ഞങ്ങളോടു കാണിച്ചിട്ടുള്ള കാരുണ്യവും വിശ്വസ്തതയും കർത്താവേ, അങ്ങ് ഇപ്പോൾ ഓർക്കണമേ" (സങ്കീ. 25: 6) എന്ന് സങ്കീർത്തകനോടൊപ്പം നമുക്കും ഈ ജൂബിലി നാളുകളിൽ പ്രാർത്ഥിക്കാം. ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപത അവിടുത്തെ സംരക്ഷണത്തിൽ എന്നും സുരക്ഷിതമായിരിക്കും എന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം.

നാട്ടിൽ കോവിഡ്-19 രോഗം അതിവേഗം വ്യാപിക്കുന്ന സാഹചര്യത്തിൽ നമ്മുടെ പ്രാർത്ഥനയും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമാക്കേണ്ടിയിരിക്കുന്നുവെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. രോഗം പിടിപെടാതിരിക്കുന്നതിനും രോഗവ്യാപനം ഉണ്ടാകാതിരിക്കുന്നതിനും ആവശ്യമായ എല്ലാ മുൻകരുതലുകളും നാം സ്വീകരിക്കണം. ക്വാറന്റൈനിൽ കഴിയുന്നവർക്ക് നമ്മുടെ കരുതലും ബലപ്പെടുത്തുന്ന വാക്കുകളും പ്രധാനപ്പെട്ടതാണ്. സാമൂഹ്യമായ അകലം പാലിക്കുമ്പോഴും ആത്മീയമായും മാനസികമായും പരസ്പരം ശക്തിപ്പെടുത്തുവാൻ നമുക്ക് ജാഗ്രതയുള്ളവരാകാം. കോവിഡ് രോഗികളുടെ സൗഖ്യത്തിനായും അവരെ ശുശ്രൂഷിക്കുന്നവരുടെ സംരക്ഷണത്തിനായും നമുക്ക് പ്രാർത്ഥിക്കാം. നല്ലവനായ ദൈവം എല്ലാവരേയും കാത്തുപരിപാലിക്കട്ടെയെന്ന പ്രാർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

+ A Kariyil

**ആർച്ച്ബിഷപ് ആന്റണി കരിയിൽ**
മെത്രാപ്പോലിത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

N.B.: ഈ സർക്കുലർ ഇടവകയുമായി ബന്ധപ്പെട്ട സാമൂഹികസമ്പർക്ക മാധ്യമങ്ങൾ/ ഇതര മാർഗ്ഗങ്ങൾ വഴി ഇടവകാംഗങ്ങളെ അറിയിക്കുവാനുള്ള ക്രമീകരണങ്ങൾ ബ. വികാരിയച്ചന്മാർ ചെയ്യേണ്ടതാണ്.